# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4508 21.03.2018 - ൽ മറുപടിയ്ക്ക്**

## <u>ഹൃദയ-വൃക്ക-കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) ഹൃദയ-വൃക്ക-കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയകൾക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും വിദഗ്ധ ഡോക്ടർമാരും സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്; വ്യക്തമാക്കാമോ; | (എ) താഴെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അവയവ മാറ്റ ശസ്ത്രക്രിയാ സംവിധാനവും വിദഗ്ധ ഡോക്ടറുടെ സേവനവും ലഭ്യമാണ്.<br>തിരുവനന്തപുരം - വൃക്ക, കരൾ<br>കോട്ടയം - വൃക്ക, ഹൃദയം<br>ആലപ്പുഴ - വൃക്ക<br>കോഴിക്കോട് - വൃക്ക |
| (ബി) ഇതിനകം വിവിധ മെഡിക്കൽ കോളേജുകളിൽ വിജയകരമായി നടന്ന ഹൃദയ-വൃക്ക-കരൾ മാറ്റ ശസ്ത്രക്രിയകളുടെ വിശദാംശം വ്യക്തമാക്കുമോ; ഈ ശസ്ത്രക്രിയകൾ ഓരോന്നിനും മെഡിക്കൽ കോളേജുകളിൽ എത്ര രൂപ ചെലവ് വരും; വെളിപ്പെടുത്തുമോ; | (ബി) മസ്തിഷ്ക മരണാനന്തര അവയവദാനം വഴി വിജയകരമായി ശസ്ത്രക്രിയ നടത്തിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ പേരും വിവിധ അവയവങ്ങളുടെ എണ്ണവും ചുവടെ ചേർത്തിരിക്കുന്നു.<br>തിരുവനന്തപുരം - വൃക്ക – 72, കരൾ - 01<br>കോട്ടയം - വൃക്ക - 39, ഹൃദയം - 04<br>കോഴിക്കോട് - വൃക്ക – 36<br><br>ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവദാനം വഴിയുള്ള 1500 ഓളം വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടന്നിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടന്ന കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനും ശസ്ത്രക്രിയാനന്തരമുള്ള രോഗീ പരിചരണത്തിനുമായി 25 ലക്ഷം രൂപ ചെലവായിട്ടുണ്ട്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിന് 2 ലക്ഷം രൂപയും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 3 മുതൽ 5 ലക്ഷം രൂപവരെയുമാണ് ചെലവാകുന്നത്. |
| (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഈ ശസ്ത്രക്രിയകൾക്കായി എത്ര രൂപയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) വിവരം സർക്കാരിൽ ലഭ്യമല്ല. |

| | |
|---|---|
| (ഡി) പ്രസ്തുത ശസ്ത്രക്രിയകൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും വിദഗ്ധ ഡോക്ടർമാർ ഉൾപ്പെടെ മെഡിക്കൽ കോളേജുകളിൽ ഉണ്ടായിട്ടും ലക്ഷകണക്കിന് രൂപ മുടക്കി സാധാരണ ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം എന്തുകൊണ്ടാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) സാധാരണ ജനങ്ങൾ നിയമാനുസൃതമായ അവയവമാറ്റ ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളെ ഒഴിവാക്കി സ്വകാര്യ ആശുപത്രികളിൽ പോകുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) എങ്കിൽ ഇതിനൊരു പരിഹാരം എന്ന നിലയിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് പ്രാപ്തമാകുന്ന രീതിയിൽ സർക്കാർ മെഡിക്കൽ കോളേജുകളെ കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നുണ്ട്. ആയതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ് |

സെക്ഷൻ ഓഫീസർ